

വിശ്രമനാട്ടിൽ ഞാൻ എത്തിടുമ്പോൾ
യേശുവിൻ മാർവിൽ ഞാനാനന്ദിക്കും

പരമസുഖങ്ങളിന്നമൃതരസം
പരമേശൻ മാർവിൽ ഞാൻ പാനം ചെയ്യും

പരമപിതാവെന്റെ കണ്ണിൽനിന്നു
കരച്ചിലിൻ തുള്ളികൾ തുടച്ചീടുമേ

ശത്രുക്കളാരുമന്നവിടെയില്ല
കർത്താവിൻ കുഞ്ഞുങ്ങൾ മാത്രമതിൽ

കുഞ്ഞാട്ടിൻ കാന്തയാം സത്യസഭ
സൗന്ദര്യപൂർണയായ് വാഴുന്നതിൽ

വർണ്ണിപ്പാനാരുമില്ലപ്പുരിയെ
ആരുമില്ലിതിന്നിണ ചൊല്ലീടുവാൻ

ഖെരൂബി സെറാഫികൾ പാടുന്നതിൽ
മൂപ്പന്മാർ കുമ്പിട്ടു വാഴ്ത്തുന്നതിൽ

ദൈവസിംഹാസനമുണ്ടവിടെ
പച്ചവില്ലേശുവുമുണ്ടവിടെ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me



പരിശുദ്ധാത്മാവിന്റെ പളുങ്കുനദി
സമൃദ്ധിയായൊഴുകുന്ന ദേശമതു

ജീവന്റെ വൃക്ഷമുണ്ടാറ്റരികിൽ
മാസം തോറും കിട്ടും പുതിയ ഫലം

നവരത്നനിർമിതപട്ടണത്തിൽ
ശോഭിതസൂര്യനായ് യേശു തന്നെ

പരമസുഖം തരുന്നുറവകളിൽ
പരനോടുകൂടെ ഞാൻ വാഴും നിത്യം



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me